LIBRARY ARCHIVES Kerala Legislative Assembly

ജോലിഭാരം, വിവിധ നിയമസഭാ കമ്മിറ്റികളുടെ ശുപാർശകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആവശ്യപ്രകാരം 2010-ൽ വർക്ക് സ്റ്റഡി നടത്തുകയും ആയതിന്റെ റിപ്പോർട്ട് പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ താഴെ പറയും പ്രകാരമുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു:

1. ഇടുക്കി ജില്ലയിൽ അടിമാലി കേന്ദ്രീകരിച്ച് ഒരു ടൈബൽ ഡെവലപ്മെന്റ് ഓഫീസ് സ്ഥാപിക്കുക.
2. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിലായി 5 ടൈബൽ എക്സ്റ്റെൻഷൻ ഓഫീസുകൾ.
3. വകുപ്പിന് കീഴിലുള്ള 48 ടൈബൽ എക്സ്റ്റെൻഷൻ ഓഫീസർമാർക്കും ശുപാർശ ചെയ്തിട്ടുള്ള ടൈബൽ എക്സ്റ്റെൻഷൻ ഓഫീസർക്കുമായി ഓരോ ക്ലാർക്ക് തസ്തികകൾ.
4. പ്രീമെട്രിക് ഹോസ്റ്റലുകളിൽ അധികമായി വാർഡൻ, വാച്ച്മാൻ, പാർട്ട്ടൈം സ്വീപ്പർ തസ്തികകൾ സൃഷ്ടിക്കുക.

(ബി) 9-11-2010-ൽ സമർപ്പിച്ച ടി റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ സൗജന്യ കോച്ചിംഗ്

209(2201) ശ്രീ. വി. റ്റി ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജന ബോർഡിന്റെ നേതൃത്വത്തിൽ ഉദ്യോഗാർത്ഥികൾക്ക് മത്സരപരീക്ഷകൾക്കായി സൗജന്യ കോച്ചിംഗ് ക്ലാസ്സുകൾ നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഏതൊക്കെ പരീക്ഷകൾക്കാണ് കോച്ചിംഗ് നൽകുന്നത്;

(ഡി) പദ്ധതിയെക്കുറിച്ച് ഉദ്യോഗാർത്ഥികളുടെയിടയിൽ പ്രചാരം നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ എംപ്ലോയ്മെന്റ് ഡയറക്ടറേറ്റുമായി സഹകരിച്ച് സൗജന്യ പി.എസ്.സി. - എൽ.ഡി.സി. പരീക്ഷാ പരിശീലനവും, ബാങ്കിംഗ് (ഐ.ബി.പി.എസ്.) പരീക്ഷാ പരിശീലനവും നൽകുന്ന പദ്ധതിക്ക് 2013 ഒക്ടോബർ മാസത്തിൽ തുടക്കം കുറിച്ചു. സംസ്ഥാനത്തെ 17 കേന്ദ്രങ്ങളിൽ ബാങ്കിംഗ് പരീക്ഷാ പരിശീലനവും 75 കേന്ദ്രങ്ങളിൽ എൽ.ഡി.സി. പരീക്ഷാ പരിശീലനവും നടത്തുകയുണ്ടായി.

(ബി) വിദഗ്ധരായ അദ്ധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്തി സാധാരണക്കാർക്കും, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ യുവജനങ്ങൾക്കും സൗജന്യമായി മത്സര പരീക്ഷകൾക്കുള്ള പരിശീലനം നൽകി സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധതരം ജോലികൾ നേടിയെടുക്കുന്നതിന് യുവാക്കളെ പ്രാപ്തരാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

(സി) പി.എസ്.സി., യു.പി.എസ്.സി./ബാങ്കിംഗ് മേഖലകളിലെ പരീക്ഷകൾക്കാണ് പരിശീലനം നൽകിയത്.

(ഡി) വേണ്ടത്ര പ്രചാരണം നൽകിയാണ് പദ്ധതി നടപ്പാക്കിയത്.

യുവസംരംഭക സംഗമം

210(2202) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജന ബോർഡിന്റെ നേതൃത്വത്തിൽ യുവസംരംഭക സംഗമം സംഘടിപ്പിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത സംഗമം മുഖേന എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സംഗമത്തിൽ ചർച്ച ചെയ്തത് ;

LIBRARY ARCHIVES Kerala Legislative Assembly